**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3158

21 .06.2013-ലെ മറുപടിയ്ക്ക്.

മൂന്നാറിലെ ബഹുനില കെട്ടിടനിർമ്മാണ നിയന്ത്രണം.

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ: | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) മൂന്നാറിൽ ബഹുനില കെട്ടിടങ്ങൾ ഉയർന്നു വരുന്നതു മൂലം പരിസ്ഥിതിക്ക് കോട്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വിശദീകരിക്കാമോ; | (എ) | മൂന്നാറിലും പരിസര പ്രദേശങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങൾ മൂലം പാരിസ്ഥിതിക ആഘാതങ്ങൾ സംഭവിച്ച അവസരങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദമായ പാരിസ്ഥിതിക ആഘാത പഠനം നടത്തിയിട്ടില്ല. |
| (ബി) മൂന്നാറിൽ മൂന്നു നിലയുള്ള കെട്ടിടങ്ങളുടെ നിർമ്മാണം മാത്രം നടത്തണമെന്ന നിയമം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ:<br>(സി) ആയതിന് നിയമ നിർമ്മാണം നടത്തിയിട്ടുണ്ടോ;<br>(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) (സി) & (ഡി) | നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണത്തിന് 2011-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളാണ് ബാധകമാക്കിയിട്ടുള്ളത്. പ്രസ്തുത ചട്ടങ്ങളിൽ മൂന്നാറിൽ 3 നിലയുള്ള കെട്ടിടങ്ങളുടെ നിർമ്മാണം മാത്രം നടത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. |
| (ഇ) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ഇ) | ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ